**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1189** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി . എ . അഹമ്മദ് കബീർ ,<br>ശ്രീ.കെ .എൻ .എ. ഖാദർ** | | **Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | പൊതുമരാമത്ത് റോഡുകൾ കുണ്ടും കുഴിയുമായി ഗതാഗത യോഗ്യമല്ലാത്തതിനാൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് റോഡുകൾ 93% വും ഗതാഗതയോഗ്യമാണ്. കുണ്ടും കുഴിയും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പുനർനിർമ്മാണവും / അറ്റകുറ്റപ്പണികളും നടത്തി വരുന്നു. |
| (ബി) | റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തുതന്നെ ചെയ്യുന്നതിനും റോഡുകളുടെ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ലഭ്യമായ ഫണ്ടുപയോഗിച്ച് എല്ലാ റോഡുകളും അറ്റകുറ്റപ്പണികളും, പുനരുദ്ധാരണവും നടത്തി ഗതാഗതയോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പാലങ്ങളുടെ പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി പ്രത്യേക വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | പാലങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 27.03.2018 തീയതിയിലെ സ ഉ (കൈ) നം.8/2018/ പൊമവ പ്രകാരം പാലങ്ങൾക്കായി പുതിയ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ